# ശോഭാ ഡെവലപ്പേഴ്സിന് മികച്ച ബിസിനസ് ഡെവലപ്മെന്റ് അവാർഡ്

കൊച്ചി: ബിസിനസ് ഇന്ത്യ എക്സിബിഷൻസ് നൽകുന്ന സെലിബ്രേഷൻ ഓഫ് ആർക്കിടെക്ചർ ബെസ്റ്റ് ബിസിനസ് ഡെവലപ്മെന്റ് അവാർഡിന് ശോഭാ ഡെവലപ്പേഴ്സ് അർഹമായി. സ്വതന്ത്ര ഇന്ത്യയിൽ നാളിതുവരെ നിർമിക്കപ്പെട്ട ഏറ്റവും വലിയ ഒറ്റക്കെട്ടിടമാണ് കമ്പനിക്ക് ഈ അവാർഡ് നേടിക്കൊടുത്തത്.

ബാംഗ്ലൂരിൽ ഇൻഫോസിസ് ഗ്ലോബൽ എഡ്യുക്കേഷനു വേണ്ടി ശോഭാ ഡെവലപ്പേഴ്സ് നിർമിച്ച രണ്ടാം ഘട്ട കെട്ടിടമാണ് 10 ലക്ഷം ചതുരശ്ര അടിക്കുമേൽ വിസ്തൃതിയുള്ള ഈ വാസ്തുശിൽപ്പ വിസ്മയം. അവാർഡ് ലഭിച്ചതിൽ സന്തോഷമുണ്ടെന്ന് കമ്പനിയുടെ ഡിസൈൻ ആന്റ് എൻജിനീയറിംഗ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ദേവദാസ് മുന്ദ്ര പറഞ്ഞു.

ഇൻസൈഡ് ഔട്ട്സൈഡ് മാഗസിനുമായിച്ചേർന്ന് ബിസിനസ് ഇന്ത്യ എക്സിബിഷൻസ് ആദ്യമായാണ് സെലിബ്രേഷൻ ഓഫ് ആർക്കിടെക്ചർ അവാർഡുകൾ ഏർപ്പെടുത്തിയത്. ദേശീയ, പ്രാദേശിക തലങ്ങളിൽ മൂന്ന് വിഭാഗങ്ങളിലായാണ് ഈ അവാർഡുകൾ നൽകിയത്.

ഇൻസൈഡ് ഔട്ട്സൈഡിന്റെ ശ്വേത കപൂറാണ് അവാർഡുകൾ സമ്മാനിച്ചത്. ശോഭയുടെ ഗുണനിലവാരത്തിനും പ്രവർത്തന മികവിനും ലഭിച്ച അംഗീകരമാണിതെന്ന് മാനേജിംഗ് ഡയറക്ടർ ജെ സി ശർമ്മ പറഞ്ഞു. 1995ൽ സ്ഥാപിക്കപ്പെട്ട ശോഭാ ഡെവലപ്പേഴ്സ് ഇതുവരെ 72 പാർപ്പിട പദ്ധതികളിലായി 4.32 കോടി ചതുരശ്ര അടി വിസ്തീർണത്തിൽ കെട്ടിടങ്ങൾ നിർമിച്ചു.

79.8 ലക്ഷം ച അടി നിർമിക്കുന്ന 28 പാർപ്പിട പദ്ധതികൾ നിലവിലുണ്ട്. 41 പദ്ധതികളിലായി 82.6 കോടി ചതുരശ്ര അടി നിർമിക്കുന്നതിനുള്ള കരാർ ജോലിയും കമ്പനി ഏറ്റെടുത്തിട്ടുണ്ട്. ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിലായി കമ്പനിക്ക് 21 നഗരങ്ങളിൽ സാന്നിധ്യമുണ്ട്.